LIBRARY ARCHIVES Kerala Legislative Assembly

വിദ്യാർത്ഥികൾക്ക് അവാർഡ് തുക നൽകാത്ത നടപടി

128 (1205) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് വടകര വിദ്യാഭ്യാസ ജില്ല കലോത്സവത്തിൽ എം.ഐ.യു.പി. സ്കൂളിലെ വിദ്യാർത്ഥികൾ 'തോരാമഴ' എന്ന പേരിൽ ഒരു ഷോർട്ട് ഫിലിം നിർമ്മിക്കുകയും അതിന് ക്യാഷ് അവാർഡ് പ്രഖ്യാപിക്കുകയും ചെയ്തത് ഏത് അദ്ധ്യയന വർഷത്തിലാണെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത അവാർഡ് തുക വിദ്യാർത്ഥികൾക്ക് നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(സി) ഇല്ലെങ്കിൽ പ്രസ്തുത അവാർഡ് തുക നൽകാത്തതിന്റെ കാരണമെന്തെന്നും അവാർഡ് തുക നൽകുന്നതിൽ അമാന്തം വരുത്തിയത് ആരെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

ജീവനക്കാർക്കെതിരെയുള്ള നടപടി

129 (1206) ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലസ്ഥാന നഗരിയിൽ ഓഫീസിലിരുന്ന് മദ്യപിച്ചതിനെ തുടർന്ന് വിദ്യാഭ്യാസ വകുപ്പിൽ നിന്നും സസ്പെന്റ് ചെയ്യപ്പെട്ട മുന്ന ജീവനക്കാർക്കെതിരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ ;

(ബി) ഇതുമായി ബന്ധപ്പെട്ട് പോലീസ് രജിസ്റ്റർ ചെയ്ത കേസിലെ അനന്തര നടപടികൾ എന്തെല്ലാമാണ് ;

(സി) പ്രസ്തുത ജീവനക്കാരുടെ സസ്പെൻഷൻ പിൻവലിച്ചിട്ടുണ്ടോ ; എങ്കിൽ എന്തടിസ്ഥാനത്തിലാണ് പിൻവലിച്ചതെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) തിരുവനന്തപുരം വിദ്യാഭ്യാസ ഉപഡയറക്ടറേറ്റിലെ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റായിരുന്ന ശ്രീ. എ. ഒ. ജയകുമാറിനെതിരെ ചാർജ് മെമ്മോ നൽകുകയും ടിയാൻ സമർപ്പിച്ച വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അച്ചടക്ക നടപടി സർക്കാർ തലത്തിൽ സ്വീകരിച്ചുവരുന്നു. മറ്റുള്ളവർക്കെതിരെ ചാർജ്ജ് മെമ്മോ നൽകുകയും അവരുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ പൊതുവിദ്യാഭ്യാസ ഡയറക്ടർ ഇവർക്കെതിരെ അച്ചടക്ക നടപടി സ്വീകരിച്ചുവരുന്നു.

(ബി) അന്വേഷണം നടന്നുവരുന്നു.

(സി) ശ്രീ. എ. ഒ. ജയകുമാറിനെ, ടിയാൻ 30-9-2015-ൽ സേവനത്തിൽ നിന്നും വിരമിക്കുന്നത് കണക്കിലെടുത്ത് തുടരന്വേഷണത്തിനും അച്ചടക്ക നടപടികൾക്കും വിധേയമായി സേവനത്തിൽ പുനഃപ്രവേശിപ്പിച്ചു. മറ്റുള്ളവർക്കെതിരെ പൊതുവിദ്യാഭ്യാസ ഡയറക്ടർ അച്ചടക്ക നടപടി തുടർന്നുകൊണ്ട് സേവനത്തിൽ പുനഃപ്രവേശിപ്പിച്ചു

SSLC പരീക്ഷാ ഫലപ്രഖ്യാപനത്തിലെ അപാകതകൾ

130 (T* 1207) ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ S.S.L.C. പരീക്ഷാ ഫലപ്രഖ്യാപനത്തിൽ എന്തെല്ലാം അപാകതകൾ സംഭവിച്ചുവെന്നും അത് പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമായിരുന്നുവെന്നും വ്യക്തമാക്കുമോ;

(ബി) പ്രസ്തുത വിഷയത്തിൽ പുതുതായി എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

ഉത്തരം

(എ) വാല്യുവേഷൻ ക്യാമ്പുകളിൽ നിന്നും മൂല്യനിർണ്ണയം നടത്തി ലഭിച്ച മാർക്കുകൾ സോഫ്റ്റ്വെയറിലേക്ക് അപ്ലോഡ് ചെയ്യുന്നതിൽ സാങ്കേതിക പിഴവുകൾ വന്നതുകാരണം ചില ക്യാമ്പുകളിൽ നിന്നും അപ്ലോഡ് ചെയ്ത മാർക്കുകൾ പൂർണ്ണമായും സെർവറിൽ ലഭിച്ചില്ല. ഗ്രേസ് മാർക്കുകൾ സമയബന്ധിതമായി അപ്ലോഡ് ചെയ്യുന്നതിലും വീഴ്ചകൾ ഉണ്ടായി. പരീക്ഷാ സെന്ററുകളിൽനിന്നും ആബ്സന്റീസ് സ്റ്റേറ്റ്മെന്റ് ലഭിക്കുന്നതിലുണ്ടായ കാലതാമസവും പരീക്ഷാ ഭവനിലെ സിസ്റ്റം മാനേജരുടെ പരിചയക്കുറവും ഫലപ്രഖ്യാപനത്തിലുണ്ടായ വീഴ്ചകൾക്ക് കാരണമായിട്ടുണ്ട്. പരീക്ഷാഭവൻ ജീവനക്കാർ നടത്തിയ പരിശോധനയിൽ അപാകതകൾ ശ്രദ്ധയിൽപ്പെട്ട ഉടൻ ക്യാമ്പ് ഓഫീസർമാരിൽ നിന്നും നേരിട്ട് വിവരങ്ങൾ ശേഖരിച്ച് പൂർണ്ണമായും അപാകതകൾ പരിഹരിച്ചു.

(ബി) വീഴ്ചകൾക്കിടയാക്കിയ ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല നടപടികൾ സ്വീകരിച്ചുവരുന്നു. പരീക്ഷാഭവനിൽ ഒരു സിസ്റ്റം മാനേജരേയും രണ്ട് അസിസ്റ്റന്റ് സിസ്റ്റം മാനേജർമാരേയും നിയമിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. അതോടൊപ്പം പരീക്ഷ സെക്രട്ടറിയായി നിയമിക്കപ്പെടാൻ യോഗ്യതയുള്ളവരുടെ ഒരു പാനൽ രൂപീകരിച്ച് അതിൽനിന്നും നിയമനം നടത്താനും ധാരണയായിട്ടുണ്ട്.

---

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly